പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം. * 238 | 14.12 .2015 ൽ മറുപടിക്ക് |

## മാഗി ബ്രാൻഡ് നൂഡിൽസിന്റെ വിപണനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീ.എ.കെ.ബാലൻ<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.വി.ശിവൻകുട്ടി** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | കാരീയത്തിന്റെ സാന്നിദ്ധ്യം ഉള്ളതിനാലും അജീനോമോട്ടൊ കൂടിയ അളവിൽ അടങ്ങിയിരുന്നതിനാലും നിരോധിച്ച മാഗി ബ്രാൻഡ് നൂഡിൽസിന്റെ വിപണനം സംസ്ഥാനത്ത് വീണ്ടും ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; സാമ്പിൾ പരിശോധിച്ച് മേൽപറഞ്ഞ പ്രശ്നങ്ങൾ ഇല്ലെന്ന് കണ്ടെത്തിയതിന് ശേഷമാണോ വിപണനം വീണ്ടും അനുവദിച്ചത് ; എങ്കിൽ പ്രസ്തുത പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | എ) | മാഗ്ഗി ബ്രാന്റഡ് ന്യൂഡിൽസിന്റെ വിപണനം ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേഡേഴ്സ് അതോറിറ്റി ഓഫ് ഇൻഡ്യയാണ് രാജ്യത്താകമാനം നിരോധിച്ചിരുന്നത്. പ്രസ്തുത നിരോധനം ബഹുമാനപ്പെട്ട ബോംബെ ഹൈക്കോടതി അസാധുവാക്കിയിരുന്നു. ടി വിഷയത്തിൽഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേഡേഴ്സ് അതോറിറ്റി ഓഫ് ഇൻഡ്യ സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടെന്ന് അറിയുന്നു. ആയതിനാൽ വിപണനം നിരോധിച്ചുകൊണ്ട് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേഡേഴ്സ് അതോറിറ്റി ഓഫ് ഇൻഡ്യയിൽ നിന്നും പുതിയ ഉത്തരവുകളൊന്നും തന്നെ ലഭ്യമായിട്ടില്ല. |
| ബി) | മറ്റ് ബ്രാൻഡിലുള്ള നൂഡിൽസും ഹെൽത്ത് ഡ്രിങ്ക്, സ്ക്വാഷ്, സിറപ്പ് എന്നിവയും സാമ്പിൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ വിശദാംശം നൽകുമോ ; | ബി) | സംസ്ഥാനത്തുടനീളം വ്യത്യസ്ത ബ്രാൻഡിലുള്ള വിവിധ കമ്പനികളുടെ ന്യൂഡിൽസ്, ഹെൽത്ത് ഡ്രിങ്ക്, സ്ക്വാഷ്, സിറപ്പ് എന്നീ ഭക്ഷ്യവസ്തുകളുടെ സാമ്പിളുകൾ ശേഖരിച്ച് അവ സംസ്ഥാനത്തെ ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറികളിൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. എന്നാൽ ഇവ ആരോഗ്യത്തിന് ഹാനികരമാണെന്നുള്ള പരിശോധനാഫലം നാളിതുവരെ ലഭ്യമായിട്ടില്ല |
| സി) | വ്യാപകമായി വിറ്റഴിക്കുന്ന ഇത്തരം ഉല്പന്നങ്ങൾ സംസ്ഥാനത്തെ ജനങ്ങളുടെ വിശേഷിച്ച് കുട്ടികളുടെ ആരോഗ്യ പ്രശ്നത്തിന് കാരണമാകുന്നുണ്ടെന്ന ആശങ്ക പരിഗണിച്ച് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | സി) | സംസ്ഥാന വ്യാപകമായി വിപണനം ചെയ്യപ്പെടുന്ന ഇത്തരം ആധുനിക ഭക്ഷ്യോൽപന്നങ്ങൾ സംസ്ഥാനത്തെ ജനങ്ങളുടെയും പ്രത്യേകിച്ച് കുട്ടികളുടെയും ആരോഗ്യ പ്രശ്നത്തിന് കാരണമാകുമെന്ന ആശങ്ക പരിഗണിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ് ഉൽപന്നങ്ങളിലെ മായം കണ്ടെത്തുന്നതിനായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർക്ക് ക്വാട്ട നിശ്ചയിച്ച് എല്ലാ ആഹാരപദാർത്ഥങ്ങളുടെയും സാമ്പിളുകൾ നിത്യേനയെടുത്ത് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി നിയമനടപടികൾ സ്വീകരിച്ച് വരുന്നു. ഇത് കൂടാതെ സംശയമുള്ളവയും പരാതി |

| | | | |
|---|---|---|---|
| | | | വന്നിട്ടുള്ളതുമായ ഭക്ഷ്യസാമ്പിളുകൾ പ്രത്യേകം പരിശോധന നടത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം എന്ന വിഷയത്തെ ആസ്പദമാക്കി സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ 9,11 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ തെരഞ്ഞെടുത്ത് ഇത്തരം ഭക്ഷ്യവസ്തുകളുടെ ദൂഷ്യഫലങ്ങൾ, ഭക്ഷ്യസുരക്ഷ, എന്നി വിഷയങ്ങളെ കുറിച്ച് പ്രത്യേക പരിശീലനങ്ങളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട അവബോധം വിദ്യാർത്ഥികളിൽ സൃഷ്ടിക്കുന്നതിനുവേണ്ടി **"സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം"** എന്ന വിഷയത്തെ അടിസ്ഥാനമാക്കി ജില്ലാതലങ്ങളിൽ ഉപന്യാസ മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ എന്നിവ നടത്തുകയും വിജയികൾക്ക് ജില്ല-സംസ്ഥാന തലങ്ങളിൽ പരിതോഷികങ്ങളും ഉപഹാരങ്ങളും ക്യാഷ് പ്രയ്സുകളും നൽകിവരുന്നുണ്ട്. കൂടാതെ ഈ വിഷയത്തെആസ്പദമാക്കി ഭക്ഷ്യസുരക്ഷാ വകുപ്പ് കേരള ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച് നിർമിച്ചിട്ടുള്ള ഹ്രസ്വചിത്രം (ഡോക്യുമെന്ററി ഫിലിം) സംസ്ഥാനത്തെ വ്യാപാരികൾ, വിദ്യാർത്ഥികൾ, ജനങ്ങൾ എന്നിവർക്കായി പ്രദർശനം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ